**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 234** | **05-12-2022 - ൽ മറുപടിയ്ക്ക്**

**പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ് വേഗത്തിലാക്കാനുള്ള നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ് നടപടിക്കെതിരെ സ്വകാര്യ വ്യക്തി ബഹുമാനപ്പെട്ട ഹൈക്കോടതി മുഖേന നേടിയ ഉത്തരവിൽ വ്യക്തത വരുത്തണമെന്ന റവന്യൂ വിഭാഗത്തിന്റെ ആവശ്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ. ; | (എ) | പാനൂർ താലൂക്ക് ആശുപത്രി വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ നച്ചിക്കാട്ട് മുസ്തഫ എന്നവർ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേൽ ബഹു. ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടി തുടരാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കണ്ണൂർ ജില്ലാ കളക്ടറേറ്റിലെ നിയമ ഓഫീസർ സർക്കാർ വക്കീലുമായി ചർച്ച നടത്തി ബന്ധപ്പെട്ട രേഖകൾ കൈമാറിയിട്ടുണ്ട്. |
| (ബി) | എൽ .എ .നടപടികൾക്കുള്ള ഫണ്ട് റവന്യൂ വകുപ്പിന് കൈമാറുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ, വിശദമാക്കുമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | 01.10.2022 ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പി.എൽ.എ4/17460/2020/ആവഡ നമ്പർ കത്ത് പ്രകാരം എൽഎ നടപടികകൾക്കുള്ള ഫണ്ട് തഹസിൽദാരുടെ അക്കൗണ്ടിലേക്ക് 8 കോടി രൂപ അനുവദിച്ച് നൽകുന്നതിന് റിക്വസിഷൻ ഫോം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (സി) | സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി താലൂക്ക് ആശുപത്രി യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിന്മേലുള്ള അന്തിമ ഉത്തരവിനു വിധേയമായി മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരാൻ കഴിയുകയുള്ളു. പാനൂർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 93.205 കോടി രൂപയുള്ള ഭരണാനുമതി നൽകുകയും, കിഫ്ബിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കലിനായി 13 കോടി രൂപ പ്രോജക്ട് കോസ്റ്റിൽ ഉൾപ്പെടുത്തി കൊണ്ട് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ